LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം പഞ്ചവത്സരപദ്ധതി.

* 659. [19] ശ്രീ. ടി. എ. മജീദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിനത്തിൽ ഈ സംസ്ഥാനത്തേയ്ക്ക് എത്ര രൂപയുടെ പദ്ധതിയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഈ തുക ഏതേതിനത്തിലാണ് ചെലവഴിക്കേണ്ടതെന്ന് തീരുമാനിച്ചുകഴിഞ്ഞുവോ ; എങ്കിൽ അതിന്റെ വിശദവിവരം നൽകാമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇപ്പോൾ 75.63 കോടി രൂപയുടെ പദ്ധതിയാണ് വേണമെന്ന നിശ്ചയിച്ചിട്ടുള്ളത്. നഗരാസൂത്രീകരണം, ജലഗതാഗതം, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ തുടങ്ങി ചില പദ്ധതികൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. വേറെയും ചില ഇനങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല.

(ബി) 75.63 കോടി രൂപ ചെലവഴിക്കുന്ന ഇനം തിരിച്ച ഒരു പട്ടിക † മേശപ്പുറത്തു വച്ചിട്ടുണ്ട്.

ട്രേഡ് യൂണിയനുകൾ.

* 660. [20] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് ഇന്നു് എത്ര ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഇവയിൽ ആകെ എത്ര തൊഴിലാളികൾ സംഘടിതരാണ് ;

(ബി) സംഘടിത തൊഴിലാളികളിൽ, ഫാക്ടറിവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ എത്ര ; കൂടിൽ വ്യവസായത്തിലെത്ര; തോട്ടം വ്യവസായത്തിൽ എത്ര ; എന്നു തരംതിരിച്ചു പറയുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ സംസ്ഥാനത്തു് രജിസ്റ്റർ ചെയ്യപ്പെട്ട 740 ട്രെയിഡ് യൂണിയനുകൾ ഇപ്പോഴുണ്ട്. അവയിൽ ഏത്ര തൊഴിലാളികൾ സംഘടിതരാണെന്നു് അറിവില്ല.

(ബി) ഫാക്ടറി വ്യവസായത്തിലും, കൂടിൽവ്യവസായത്തിലും, തോട്ടം വ്യവസായത്തിലും ഏർപ്പെട്ടിരിക്കുന്ന സംഘടിതരായ തൊഴിലാളികളുടെ എണ്ണം എടുത്തിട്ടില്ല.

വെള്ളക്കാരുടെ തോട്ടങ്ങൾ.

* 661. [21] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കാരുടെ വകയായ എത്ര തോട്ടങ്ങൾ ഇന്നു നമ്മുടെ സംസ്ഥാനത്തുണ്ട് ; അതിന്റെ ഓരോന്നിന്റെയും വിസ്തീർണ്ണവും, അതിൽ നിന്നും കഴിഞ്ഞ വർഷത്തിൽ ഉണ്ടായിട്ടുള്ള ലാഭവും എന്തെന്നു പറയുമോ;

† Placed in the Library.